"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ വകുപ്പ് - ഗവണ്മെന്റ് ലോ ഓഫീസർസ് - ബഹു.കേരള ഹൈക്കോടതിയിലെ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ - ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്-നെ നിയമിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ ഇൻസ്പെക്ഷൻ വകുപ്പ്**

സ.ഉ.(കൈ) നം.53/2024/LAW തീയതി,തിരുവനന്തപുരം, 05-07-2024

---

പരാമർശം:-
1. 25.01.1978 തീയതിയിലെ G.O(P)No.11/78 /Law
2. 10.06.2021 തീയതിയിലെ ജി.ഒ.(എം.എസ്.) 107/2021/ആഭ്യന്തരം.
3. 30-06-2021 തീയതിയിലെ ജി.ഒ.(എം.എസ്) 50/21/നിയമം നമ്പർ ഉത്തരവ്
4. അഡ്വക്കേറ്റ് ജനറലിന്റെ 02-05-2024 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത്.
5. ബഹു. കേരള ഹൈക്കോടതിയുടെ 03.07.2024 തീയതിയിലെ DI-8/58173/2024 നമ്പർ കത്ത്.

**ഉത്തരവ്**

2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (2023-ലെ 46-ാം കേന്ദ്ര ആക്ട്) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പ്) പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു പരാമർശം (4) പ്രകാരം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരിന് വേണ്ടി പ്രോസിക്യൂഷൻ, അപ്പീൽ അല്ലെങ്കിൽ മറ്റു നടപടികൾ നടത്തുന്നതിലേയ്ക്ക് ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-18-നെ കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നു.

ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ് ഡെസിഗ്നേറ്റഡ് സീനിയർ അഡ്വക്കേറ്റായതിനാൽ 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ 418, 419 (1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 377, 378)

വകുപ്പുകൾ പ്രകാരമുള്ള നിർദ്ദേശങ്ങളും മറ്റു നിർദ്ദേശങ്ങളും അദ്ദേഹത്തിന് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ മുഖേന അയക്കേണ്ടതാണ്.

ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്-ന്റെ പദവി, സൗകര്യങ്ങൾ, ശമ്പളം, മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ എന്നിവ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് സമാനമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K G SANAL KUMAR**
നിയമ സെക്രട്ടറി

**1.**അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
**2.** ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-**18**(അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം).
**3.**ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരള, എറണാകുളം
**4.**അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കാര്യാലയം, കേരള ഹൈക്കോടതി, എറണാകുളം
**5.**രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
**6.**രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
**7.**സെക്രട്ടറി, കേരള നിയമസഭ.
**8.**ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
**9.**ബഹു.നിയമവും വ്യവസായവും കയറും മന്ത്രിയുടെ പി.എസ്.
**10.**അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 'എ &ഇ), കേരള തിരുവനന്തപുരം.
**11.**നിയമ സെക്രട്ടറിയുടെ പി.എ.
**12.**പൊതുഭരണ എസ്.സി. വകപ്പ് (ബഹു. മന്ത്രിസഭാ തീരുമാനം ഇനം നം. **2235** തിയതി **26.06.2024**)
**13.** അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ., ആഭ്യന്തരം
**14.**ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.
**15.** ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം.
**16.**ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
**17.**അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
**18.**നിയമ (നോഡൽ) വകുപ്പ്.
**19.**നിയമ (മോണിറ്ററിങ്) വകുപ്പ്.
**20.**സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth Nette Becket
Date: 06-07-2024 10:36:36

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-06-2024

ഫയൽ നം. 40/ഇൻസ്പെ.1/2024/നിയമം.    ഇനം നം: 2235

വിഷയം : നിയമ വകുപ്പ് - ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-18-നെ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

27/6/24

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2235

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.40/ഇൻസ്പെ.1/2024/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി- 18 നെ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30/06/2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24 -06-2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | : | ഇല്ല<br><br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എൻ. ജീവൻ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/06/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/06/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25 /06/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25 /06/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-18 നെ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30/06/2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നന്നതിനെ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2. ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-നെ 10.06.2021 തീയതിയിലെ സ.ഉ.(കൈ)നം.107/2021/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി നിയമിച്ചിരുന്നതും തുടർന്ന് ടിയാനെ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30-06-2021 തീയതിയിലെ സ.ഉ.(കൈ)നം.50/21/നിയമം നമ്പർ ഉത്തരവ് പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് നിയമിച്ചിരുന്നതും ടിയാൻ 30-06-2021-ന് ചാർജ്ജ് എടുത്തിട്ടുള്ളതുമാകുന്നു.

3. ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസിന്റെ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായുള്ള നിയമന കാലാവധി 29-06-2024-ന് അവസാനിക്കുന്നതാണെന്നും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 24-ൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം മാത്രമേ പ്രതിപാദിക്കുന്നുള്ളൂ എന്നതിനാലും കാലാവധി അവസാനിച്ച ശേഷം പബ്ലിക് പ്രോസിക്യൂട്ടറെ വീണ്ടും നിയമിക്കുന്നതിലേയ്ക്ക് **Harpal Singh Chauhan and others Vs. State of U.P- (1993) 3 SCC 552** എന്ന വിധിയിലെ ബഹു.

സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി- 18 നെ ബഹു. കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30/06/2024 മുതൽ മൂന്ന് വർഷ കാലായളവിലേയ്ക്ക് നിയമിക്കേണ്ടതാണെന്നും അഡ്വക്കേറ്റ് ജനറൽ 02-05-2024 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്.

4. 1978 -ലെ കേരള ഗവ. ലാ ഓഫീസേഴ്സ് (അപ്പോയ്ന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) & കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 4 & 6 എന്നിവ പ്രകാരം ബഹു. ഹൈക്കോടതിയിലേയ്ക്ക് ഗവ. ലാ ഓഫീസർമാരെ മൂന്ന് വർഷ കാലയളവിലേയ്ക്കാണ് നിയമിക്കുന്നത്. ടി നിയമനം നടത്തുന്നത് മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ്.

5. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ശുപാർശക്ക് അനുസൃതമായി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 24(1) പ്രകാരം ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി- 18- നെ 30.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് ബഹു.ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി നിയമനം നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കാവുന്നതാണോ എന്നതിൽ തീരുമാനത്തിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് ബഹു. മുഖ്യമന്ത്രി 24-06-2024 തീയതിയിൽ ഉത്തരവിട്ടിട്ടുള്ളതാകുന്നു.

## തീരുമാനിക്കേണ്ട സംഗതി

ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-18 നെ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30/06/2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കാവുന്നതാണോ?